പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 405 11.06.2013 -ൽ മറുപടിക്ക്

## ബസ്സ് ടൈം ചെക്കിംഗ് പോയിന്റുകൾ

ചോദ്യം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
" വി. റ്റി. ബൽറാം
" എ. റ്റി. ജോർജ്
" സണ്ണി ജോസഫ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സ് ടൈം ചെക്കിംഗ് പോയിന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | യാത്രക്കാർ കൂടുതലായി എത്തിച്ചേരുന്ന ബസ് സ്റ്റോപ്പുകളിൽ ഇൻസ്പെക്ടർമാരെ നിയോഗിച്ചു കൊണ്ട് 2013 ഏപ്രിൽ 1 മുതൽ ചെക്കിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 156 കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് ടി സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗത്തിലേയും ഓർഡിനറി വിഭാഗത്തിലെയും ഇൻസ്പെക്ടർമാരെ നിയോഗിച്ചുകൊണ്ടാണ് സംവിധാനം നടപ്പാക്കിയത്.യാത്രക്കാരുടെ തിരക്ക് കൂടുതലായി അനുഭവപ്പെടുന്ന രാവിലെ 07.30 നും 10.30 നും ഇടയിലും വൈകുന്നേരം 04.30 നും 06.30 നും ഇടയിലും പ്രധാന ബസ് സ്റ്റോപ്പുകളിൽ ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാകും വിധത്തിലുള്ള പോയിന്റ് ഡ്യൂട്ടിയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കുമോ; | (ബി) | പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ഏർപ്പെടുത്തുകയും കോർപ്പറേഷന് വരുമാന വർദ്ധനവുമാണ് ഉദ്ദേശ ലക്ഷ്യങ്ങൾ. യാത്രക്കാർ കുറവായി സ്റ്റോപ്പുകളിൽ എത്തിച്ചേരുന്ന ബസുകളെ സ്റ്റോപ്പിൽ പരമാവധി മൂന്നു മിനിട്ട് വരെ നിർത്തിയിട്ട് യാത്രക്കാരെ കയറ്റി വിടുക, സമയ ക്ലിപ്തതയോടെയും കോൺവോയ് ഒഴിവാക്കിയും സർവ്വീസ് അയയ്ക്കുക, പരമാവധി യാത്രക്കാരെ ബസുകളിൽ കയറ്റി അയയ്ക്കുക എന്നിവയാണ് പ്രധാനമായും ചെക്കിംഗ് പോയിന്റുകൾ സ്ഥാപിച്ചതു കൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത സംവിധാനം എത്ര മാത്രം പ്രയോജനകരമായിട്ടുണ്ട്; വിശദമാക്കുമോ; | (സി) | കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് പോയിന്റ് ഡ്യൂട്ടി സംവിധാനം വളരെയധികം പ്രയോജനം ചെയ്തിട്ടുണ്ട്. ടി സംവിധാനം ഏർപ്പെടുത്തിയ ശേഷമുള്ള കോർപ്പറേഷൻ ടിക്കറ്റ് കളക്ഷനിൽ പ്രകടമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സംവിധാനം മുഖേന കോർപ്പറേഷന് എത്ര കളക്ഷൻ അധികം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പോയിന്റ് ഡ്യൂട്ടി സംവിധാനം ഏർപ്പെടുത്തിയതിനുശേഷമുള്ള കളക്ഷൻ വർദ്ധനവ് കൃത്യമായി കണക്കാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. ദിവസേന ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളുടെ ഏറ്റക്കുറച്ചിൽ, ദിവസങ്ങളുടെ പ്രത്യേകത, ഓരോ ദിവസത്തേയും പ്രദേശികമായ പ്രത്യേകതകൾ തുടങ്ങിയവ കാരണം കൃത്യമായ കണക്കെടുപ്പ് പ്രയോഗികമല്ല. എങ്കിലും ദിനംപ്രതി ഏകദേശം പത്തു ലക്ഷം രൂപയുടെ അധിക വരുമാനം ഉണ്ടായതായി കണക്കാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ